**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4799**

**23.07.2015 ൽ മറുപടിയ്ക്ക്**

**നാടക പരിശീലന കളരി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഹൈബി ഈഡൻ**<br>**ശ്രീ.കെ.എസ്. ശബരിനാഥൻ:**<br>**ശ്രീ.വി.റ്റി. ബൽറാം**<br>**ശ്രീ. ഷാഫി പറമ്പിൽ** | **ശ്രീമതി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി** |
| എ) നാടക കലയെ പ്രോത്സാഹിപ്പിക്കുന്നതിന് യുവജനങ്ങൾക്കായി നാടക പരിശീലന കളരി നടത്താനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴികൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) യുവാക്കളായ നാടക കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിന്റെ തനത് കലയായ നാടകത്തിലേയ്ക്ക് യുവാക്കളെ ആകർഷിപ്പിക്കുന്നതിനും വേണ്ടിയാണ് 'നാടിക'എന്ന പേരിൽ നാടക കലയെ പ്രത്സാഹിപ്പിക്കുന്നതിനുവേണ്ടി നാടക ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നത്. |
| സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | സി) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ നാടിക'എന്ന പേരിൽ 2 വർഷങ്ങളായി നാടക കളരികൾ സംഘടിപ്പിച്ചു വരുന്നു. ജില്ലാതലങ്ങളിൽ നാടക കലയോട് ആഭിമുഖ്യമുള്ള 15 യുവതീയുവാക്കളെ കണ്ടെത്തി, അവരെ പരിശീലിപ്പിക്കുകയും, അവർ തന്നെ എഴുതി ചിട്ടപ്പെടുത്തി ഒരു നാടകം രൂപപ്പെടുത്തുകയും ഈ നാടകങ്ങൾ സംസ്ഥാന തലത്തിൽ നടക്കുന്ന നാടികയിൽ നാടക ആചാര്യന്മാർക്ക് മുന്നിൽ അവതരിപ്പിച്ച് വിലയിരുത്തലിന് |

വിധേയമാക്കുകയും ചെയ്യുന്നു. ഈ വർഷം തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വച്ച് 2015 മാർച്ച് 25 മുതൽ 27 വരെ സംസ്ഥാനതല നാടിക നടത്തുകയുണ്ടായി.

സെക്ഷൻ ഓഫീസർ